സി1/8464/റ്റിസി/2008

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 05-05-2016

## സർക്കുലർ നം.16/2016

വിഷയം:: മോട്ടോർ വാഹന വകുപ്പ്-സബ് ഡീലർമാരുടെ പ്രവർത്തനം സംബന്ധിച്ച്

സൂചന: 1. സർക്കുലർ 03/2009 തീയതി 25-03-2009
2. സർക്കുലർ 11/2011 തീയതി 08-06-2011

മോട്ടോർ വാഹന വകുപ്പ് അടുത്ത കാലത്ത് നടപ്പിൽ വരുത്തിയ ജനോപകാരപ്രദമായിട്ടുള്ള പദ്ധതികളും, നിർദ്ദേശങ്ങളും വാഹന ഡീലർമാർ പൊതുവേ നടപ്പിൽ വരുത്തുന്നതായി മനസ്സിലാക്കുന്നു. എന്നാൽ ഡീലർമാരുടെ അനുവാദത്തോടുകൂടിയും, മോട്ടോർ വാഹന വകുപ്പിനെ അംഗീകാരമില്ലാതെയും സബ് ഡീലർമാർ, അംഗീകാരമില്ലാത്ത ഏജന്റുമാർ എന്നിവർ നിയമവിരുദ്ധമായി വാഹന വില്പന നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള സബ് ഡീലർമാർ മോട്ടോർ വാഹന വകുപ്പിന്റെ മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ അവഗണിച്ചു കൊണ്ട് മാത്രമല്ല , ഉപഭോക്താക്കളുടെ പക്കൽ നിന്നും വിവിധ കാര്യങ്ങൾക്കായി അമിതമായ തുക നിയമ വിരുദ്ധമായി ഈടാക്കുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

വാഹനം വിൽക്കുമ്പോൾ, ഉപഭോക്താവിൽ നിന്നും ഹാൻഡ്ലിംഗ് ചാർജ്ജ് ഈടാക്കുക, ഇരുചക്ര വാഹനങ്ങൾക്ക് സൌജന്യമായി ഹെൽമറ്റ് നൽകാതിരിക്കുക, തങ്ങൾക്ക് താത്പര്യമുള്ള കമ്പനികളിൽ നിന്നും ഇൻഷ്വറൻസ്, ഫിനാൻസ് എന്നിവ എടുക്കുന്നതിന് ഉപഭോക്താവിനെ നിർബന്ധിക്കുക, വാഹനങ്ങളോടൊപ്പം ആക്സസ്സറീസ് ഉയർന്ന വിലക്ക് ഉപഭോക്താവിനെ അടിച്ചേല്പിക്കുക എന്നിവ മേൽപ്പറഞ്ഞ സബ് ഡീലർമാർ/ഏജന്റുമാർ ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 1989ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 35 പ്രകാരം വാഹന നിർമ്മാതാക്കൾ അംഗീകരിച്ച ബോണഫൈഡ് ഡീലർമാർക്ക് മാത്രമേ വാഹന വില്പനക്കായി ട്രേഡ് സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ. വാഹന ഉത്പാദകർ ഉത്പാദിപ്പിക്കുന്ന വാഹനങ്ങൾ വിൽക്കുന്നതിന് വാഹന ഉത്പാദകൻ തന്നെ നേരിട്ട് അംഗീകരിച്ച് നിയമിച്ചിട്ടുള്ള സ്ഥാപനമാണ്/വ്യക്തിയാണ്

ബോണഫൈഡ് ഡീലർ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഒരു വാഹനം രജിസ്റ്റർ ചെയ്യുന്നത് വാഹന നിർമ്മാതാവ് അല്ലെങ്കിൽ ഡീലർ നൽകുന്ന ഫോം-21ന്റെ അടിസ്ഥാനത്തിലായതിനാൽ ആയത് നൽകേണ്ടത് ബോണഫൈഡ് ഡീലർ തന്നെയാണ്. ആയതിനാൽ ഒരു വാഹനം വിൽക്കുന്നതിനുള്ള അധികാരം ബോണഫൈഡ് ഡീലർക്കു മാത്രമാണ്.

ഈ സാഹചര്യത്തിൽ രജിസ്റ്ററിംഗ് അതോറിറ്റിയുടെ അംഗീകാരമില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സബ് ഡീലർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. കൂടാതെ വാഹന ഉത്പാദകർ അംഗീകരിച്ചിട്ടുള്ള ബോണഫൈഡ് ഡീലർമാർക്ക് മാത്രമേ ട്രേഡ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. വാഹന ഉത്പാദകന്റെ ആതറൈസേഷൻ ലെറ്റർ ഉണ്ടെങ്കിൽ മാത്രമേ ട്രേഡ് സർട്ടിഫിക്കറ്റ് നൽകുകയോ, പുതുക്കി നൽകുകയോ ചെയ്യാവൂ എന്നും ഇതിനാൽ നിർദ്ദേശിക്കുന്നു. സർക്കുലർ 03/2009ലെ അവസാന വാചകം ഈ ഉത്തരവിനാൽ റദ്ദ് ചെയ്യുന്നു.

5/5/10

ടോമിൻ ജെ. തച്ചങ്കരി ഐ പി എസ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും